# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 47

27/02/2017-ന് മറുപടിക്ക്

**സർക്കാർ ജീവനക്കാരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി**

**ചോദ്യം**

ശ്രീ.മഞ്ഞളാംകുഴി അലി
ശ്രീ.അബ്ദുൽ ഹമീദ്.പി
ശ്രീ.ടി.എ.അഹമ്മദ് കബീർ
ശ്രീ.പി.കെ.അബ്ദു റബ്ബ്

**ഉത്തരം**

ശ്രീ.പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെ സ്വത്തു വിവരം സർവ്വീസ് ബുക്കിൽ രേഖപ്പെടുത്തുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; | (എ) | ഉണ്ട്. 15.11.2016 ലെ ജി.ഒ(പി)171/2016/ഫിൻ നമ്പർ സർക്കാർ ഉത്തരവിൽ സർക്കാർ ജീവനക്കാർ ജോലിയിൽ പ്രവേശിക്കുമ്പോൾ, അവരുടെ സ്വത്തുവിവരം നിർദ്ദിഷ്ട ഫോമിൽ നൽകി സർവ്വീസ് ബുക്കിൽ ചേർക്കണമെന്ന് ഉത്തരവായിട്ടുണ്ട്. |
| (ബി) | സർക്കാർ ജീവനക്കാരുടെ പെരുമാറ്റച്ചട്ടം കൂടുതൽ കർശനമാക്കി കൊണ്ടും കാര്യക്ഷമമായി നടപ്പാക്കികൊണ്ടും അഴിമതി തടയാനും സേവനം കൂടുതൽ കാര്യക്ഷമമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) & (സി) | ഉണ്ട്. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ സംസ്ഥാന ജീവനക്കാർക്ക് ബാധകമാക്കിയിട്ടുള്ള പെരുമാറ്റ ചട്ടത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പാക്കുന്നതാണ്. പൊതു ജനങ്ങൾക്ക് യഥാസമയം സേവനം ലഭ്യമാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി സേവനാവകാശ നിയമം കർശനമായി നടപ്പാക്കും. |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ